# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 4/154/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വളയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 4/154/2023 തീയ്യതി: 10/02/2023

## കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-09-2021 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 17-01-2023 | 25-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2023 | 25-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സതീഷ്കുമാർ സി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജാസിർ. സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി. പ്രദീപ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. വിനോദ് കൃഷ്ണൻ. കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദൻ. കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. സിന്ധു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഗീത. എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ടിൻസി മേരി ജോൺ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. മുൻഷിദ്. എം.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 09-04-2021 |
| ഡോ. റീം. പി.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10-04-2021 | 31-03-2022 |
| ഡോ. മോഹൻദാസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ശശിധരൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)) | 01-04-2021 | 31-03-2022 |
| ശ്രീമതി. അർച്ചന ശ്യാം. കെ.ടി | കൃഷി ഓഫീസർ | 01-04-2021 | 14-07-2021 |
| ശ്രീമതി. സജീറ സി ചാത്തോത്ത് | കൃഷി ഓഫീസർ | 15-07-2021 | 26-10-2021 |
| ശ്രീമതി. വിധു വത്സൻ | കൃഷി ഓഫീസർ | 27-10-2021 | 31-03-2022 |
| ശ്രീ. ഷൈലേഷ് കുമാർ. എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രേഷ്മ. കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. രവി. എം | ഹെഡ് മാസ്റ്റർ | 01-04-2021 | 06-12-2021 |
| ശ്രീ. സുരേഷ് | ഹെഡ് മാസ്റ്റർ | 07-12-2021 | 25-03-2022 |

| | | | |
|---|---|---|---|
| സുബ്രഹ്മണ്യം | | | |
| ശ്രീ. അഹമ്മദ്. ടി | ഹെഡ് മാസ്റ്റർ | 26-03-2022 | 31-03-2022 |
| ശ്രീമതി. അനുപമ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-8 |
| 9 | തൊഴിൽ നികുതി അപാകതകൾ | 1-9 |
| 10 | 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്. | 1-10 |
| 11 | സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല | 1-11 |
| 12 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-12 |
| 13 | അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് ഫലപ്രദമല്ല. | 1-13 |
| 14 | പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചിട്ടില്ല. | 1-14 |
| 15 | പാലിയേറ്റീവ് പരിചരണം- മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല. | 1-15 |
| 16 | സ്നേഹസ്പർശം തുക കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 17 | പഞ്ചായത്ത് തിരഞ്ഞെടുപ്പ്-സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-17 |
| 18 | റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയുന്നതിന് തുക വിനിയോഗിച്ചത് സംബന്ധിച്ച് | 1-18 |
| 19 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി | 1-19 |
| 20 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-20 |
| 21 | പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-21 |
| 22 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല | 1-22 |
| 23 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-23 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- മോണിറ്ററിംഗ് നടത്തുന്നില്ല | 1-24 |
| 25 | ആയുർവേദ ഡിസ്പെൻസറിക്ക് ISO സർട്ടിഫിക്കേഷൻ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-25 |
| 26 | തനത് ഫണ്ട് വിഭവ സമാഹരണം ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കി | 1-26 |

| | | |
|---|---|---|
| | വരുമാനത്തിൽ വർദ്ധനവ് | |
| 27 | തനത് ഫണ്ട് ചെലവുകൾ-പോരായ്മകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

22.2.21 ലെ ഭരണസമിതി യോഗത്തിൽ ( തീരുമാനം നമ്പർ ഇല്ല) സ്ഥാപനത്തിന്റെ ബജറ്റ് താഴെ പറയും വിധം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 5816592 |
| വരവ് | 283675000 |
| ആകെ | 289491592 |
| ചെലവ് | 284932100 |
| നീക്കിയിരിപ്പ് | 4559492 |

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും വരവ് ചെലവ് വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

എ) അടിസ്ഥാന വർഷത്തെ മുന്നിരിപ്പ് രേഖപ്പടുത്തിയതിൽ അപാകത

2019-20 വർഷത്തെ യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മേൽ വർഷത്തെ മുന്നിരിപ്പ് രേഖപ്പെടുത്തിയതിൽ അപാകത കാണുന്നു. 2018-19വർഷത്തെ ബാലൻസ് ഷീറ്റ് അടിസ്ഥാനപ്പെടുത്തിയാണ് 2019-20 വർഷത്തെ മുന്നിരിപ്പ് കണക്കാക്കുന്നത് എന്നത് പരിഗണിക്കുമ്പോൾ , ഈ ബാലൻസ് ഷീറ്റിലെ ബാധ്യതകളായ B2,B4,B7,B8 എന്നിവ പ്രകാരമുള്ള ബാധ്യതകൾ B12,B14,B15,B17എന്നിവ പ്രകാരമുള്ള ആസ്തിയിൽ നിന്നും കുറവു വരുത്തി കിട്ടുന്ന തുകയാണ് അടുത്ത വർഷത്തെ മുന്നിരിപ്പാകേണ്ടത്. താഴെ കൊടുത്ത പ്രകാരം 2079048/-രൂപയാണ് ഈ മുന്നിരിപ്പെന്ന് കാണുന്നു.

| ബാധ്യത | | ആസ്തി | |
|---|---|---|---|
| B2 | 15120 | B12 | 25000 |
| B4 | 4573481 | B14 | 64884 |
| B7 | 518594 | B15 | 0 |
| B9 | 1373091 | B17 | 8469450 |
| ആകെ | 6480286 | ആകെ | 8559334 |

വ്യത്യാസം-8559334- 6480286= 2079048/-

2019-20 വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് മേൽ കൊടുത്ത തരത്തിൽ 2079048/-രൂപയായിരിക്കെ, ബജറ്റിൽ 3387255/-രൂപയാണ് മുന്നിരിപ്പായി കാണിച്ചിരിക്കുന്നത്. ഇത് മൂലം ബജറ്റ് വസ്തുതകളിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെന്ന് കാണാം.

ബി) തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 2384100/- രൂപ വകയിരുത്തിയിട്ടുണ്ട്.

എന്നാൽ സ്ഥാപനത്തിന്റെ അന്തിമപദ്ധതി രേഖ പരിശോധിച്ചതിൽ വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും 849500/-മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. അതായത് തനത് ഫണ്ടിൽ നിന്നും ബജറ്റിൽ വകയിരുത്തിയ 1534600/-രൂപ എന്തിനുവേണ്ടിയെന്ന് വ്യക്തമല്ല. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ ഈ പ്രൊവിഷൻ 1859100/- രൂപയായി കുറഞ്ഞപ്പോൾ അന്തിമ ചെലവ് പത്രിക പ്രകാരം വാർഷിക പദ്ധതിക്ക് 2312087/-രൂപ വകയിരുത്തിക്കാണുന്നു (ഇതിൽ നിന്നും572158/-രൂപ ചെലവഴിച്ചു). അതായത് 452987/-രൂപ വകയിരുത്തിയിരിക്കുന്നത് ബജറ്റിന് പുറത്താണെന്ന് കാണാം. ബജറ്റും വാർഷിക പദ്ധതിയും തമ്മിലുള്ള പൊരുത്തക്കേടും, ബജറ്റ് തയ്യാറാക്കുന്നതിലെ സൂക്ഷ്മതക്കുറവും ഇത് കാണിക്കുന്നു.

സി) വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി ബജറ്റിൽ ,BS9, BS12 ഷെഡ്യൂളുകൾ പ്രകാരം ആകെ 222120100/- രൂപയാണ് വകയിരുത്തിയത്. വാർഷിക പദ്ധതിയ്ക്കും NREGS പദ്ധതിയ്ക്കും കൂടിയുള്ള തുകയാണിത്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 45873380/-രൂപയും NREGS പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ 16/-കോടി രൂപയുമാണ്. അതായത് ഈ രണ്ട് പദ്ധതിക്കുമായി ആകെ 205873380/-രൂപയുടെ അടങ്കലിനാണ് ഭരണസമിതി അംഗീകാരം നല്കിയതെന്ന് കാണാം. മേല്പറഞ്ഞതിൽ നിന്നും 16246720/- രൂപയുടെ (222120100 - 205873380) ബജറ്റ് പ്രൊവിഷൻ എന്തിനാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ലെന്ന് കാണാം. ഈ വ്യത്യാസത്തിനുള്ള പ്രധാന കാരണം,ബജറ്റിലെ NREGS പ്രൊവിഷൻ 163000000/-രൂപയായിരിക്കെ ആക്ഷൻ പ്ലാൻ തുക 16കോടി രൂപ മാത്രമായതാണ്. കൂടാതെ ബജറ്റിൽ NREGS പദ്ധതി റവന്യൂ വരവായി 99000000/-രൂപയും മൂലധന വരവായി 64000000/- രൂപയും ആണ് വകയിരുത്തിയതെങ്കിലും ആക്ഷൻ പ്ലാൻ അടങ്കൽ തുകയിൽ 47600000/-രൂപ മാത്രമാണ് മൂലധന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ളൂ.

ഡി)വരവ് ചെലവ് വ്യതിയാനങ്ങൾക്കനുസൃതമായി ബജറ്റ് പുതുക്കുന്നില്ല

വരുമാനത്തിലും ചെലവിലും ബജറ്റ് എസ്റ്റിമേറ്റിന് അതീതമായി കാലാകാലങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ബജറ്റ് പുതുക്കാനോ, സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കാനോ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം ബജറ്റ് എസ്റ്റിമേറ്റിൽ കവിഞ്ഞ് വന്ന ധനസ്രോതസ്സ് എപ്രകാരം വിനിയോഗിക്കുമെന്ന് പ്ലാൻ ചെയ്യാൻ കഴിയാതെ വന്ന സ്ഥിതിയും (പ്ലാൻ ജനറൽ വിഹിതത്തിൽ ബജറ്റ് അലോട്ട് മെന്റിനേക്കാൾ തുക അനുവദിച്ചിട്ടുണ്ട്), ബജറ്റ് അംഗീകാരമില്ലാതെ, പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുന്ന സാഹചര്യവും സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. ബജറ്റ് പുതുക്കി മാത്രമേ ബജറ്റ് പ്രൊവിഷനതീതമായുള്ള വരവ് ചെലവുകൾ വഹിക്കാവൂ എന്നിരിക്കെ, വർഷാവസാനം ബജറ്റ് പുതുക്കുന്നതിലൂടെ മാത്രമേ ഈ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കുന്നുള്ളൂ. ഓഡിറ്റ് വർഷത്തെ വിശദാംശങ്ങൾ പരിഗണിക്കുമ്പോൾ ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി അടങ്കലും(NREGS ഉൾപ്പടെ) തമ്മിൽ ബജറ്റ് തയ്യാറാക്കിയപ്പോൾ പോലും പൊരുത്തമില്ലെന്ന് ക്രമ നം (സി) പ്രകാരമുള്ള പരാമർശത്തിൽ നിന്നും വ്യക്തമാണ്. ഇത് കൂടാതെ വിവിധ തീയതികളിലായി നിരന്തരം വാർഷിക പദ്ധതിക്ക് സ്ഥാപനം ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് പുതുക്കിയിരിക്കുന്നത് വർഷാവസാനം മാത്രമാണെന്ന് കാണാം.

ഇ) വായ്പാ തിരിച്ചടവിന് തുക വകയിരുത്തിയത് -ബജറ്റ് പുതുക്കിയപ്പോൾ പ്രൊവിഷനില്ലാതെയായി

1800000/- രൂപ ബജറ്റിൽ വകയിരുത്തി 1774667/- രൂപ ലൈഫ് ഭവനപദ്ധതിയ്ക്കായി ലഭ്യമാക്കിയ വായ്പാ തിരിച്ചടവിനായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ യാതൊരു പ്രൊവിഷനും നല്കാത്തതിനാൽ 1774667/-രൂപ ചെലവഴിച്ചിരിക്കുന്നത് ബജറ്റ് അനുമതിയില്ലാതെയായി.

<u>ബജറ്റ് രേഖകൾ പൂർണ്ണമല്ല</u>

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റിന്റെ ഭാഗമാകേണ്ടതാണ്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി തയ്യാറാക്കിയിട്ടില്ല

ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും അപാകതകൾ സംഭവിക്കുന്നതായി 2019-20,20-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. അർഹിക്കുന്ന ഗൌരവത്തോടെയല്ല സ്ഥാപനം ബജറ്റിനെ കാണുന്നതെന്ന് വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്. കൂടാതെ തുടർ വർഷങ്ങളിൽ കുറ്റമറ്റ തരത്തിൽ ബജറ്റ് തയ്യാറാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

വളയം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ കൊടുക്കുന്നു.

1). ആസ്തികൾക്ക് ഡിപ്രിസിയേഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2). വാർഷിക കണക്കിൽ ബി-12 ഷെഡ്യൂൾ പ്രകാരം 25000/- രൂപ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇവയുടെ വിവരം സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

3). ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യമായ 4826/- കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

4). പാഴ്‌വസ്തുക്കളുടെ വില്പന(Sale Of Scrap) ഇനത്തിൽ RP-5 പ്രകാരം 34763/-രൂപ വരവ് വന്നിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

5). ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 652745/- രൂപ നീക്കിയിരിപ്പുണ്ട്.കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

6). മിസിലേനിയസ്സ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവിധ വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7). വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ ചേർത്തിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം- 15/21-22 തിയ്യതി-25.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7668322 |
| വരവ് | 49912898 |
| ആകെ | 57581220 |
| ചെലവ് | 49817099 |
| നീക്കിയിരിപ്പ് | 7764121 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10296133 | 10296133 | 10296133 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 552000 | 552000 | 552000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 414261 | 414261 | 414000 | 261 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 21322000 | 21322000 | 7407699 | 13914301 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4853319 | 4853319 | 4240314 | 613005 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (PFMS) | | 0 | 3604000 | 3604000 | 1935270 | 1668730 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി മുഖേന) | | 0 | 3497544 | 3497544 | 544243 | 2953301 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ -ടൈഡ് (PFMS മഖേന) | | 0 | 2466145 | 2466145 | 1789397 | 676748 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് (ട്രഷറി മഖേന) | | 0 | 32729 | 32729 | 0 | 32729 |
| കേന്ദ്രാവിഷ്കത ഫണ്ടുകൾ | ഐ.സി.പി.എസ് | 431226 | 823914 | 1255140 | 1239322 | 15818 |
| | ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ | 169135 | 0 | 169135 | 0 | 169135 |
| | പ്രാദേശിക വികസനഫണ്ട് (എം.പി ഫണ്ട്) | 8692 | 237 | 8929 | 0 | 8929 |
| സംസ്ഥാനാവിഷ്കത ഫണ്ടുകൾ | സായംപ്രഭ ഷെൽട്ടർ ഹോം | 5015 | 42151 | 47166 | 42000 | 5166 |
| | ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ് | 17800 | 0 | 17800 | 12000 | 5800 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ -

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
2. മെയിന്റനൻസ് ഗ്രാന്റ് (റോഡ്,നോൺ റോഡ് )ഇനങ്ങളിൽ ആർ.പി. 7 പ്രകാരമുള്ള ചെലവും എ.സി.ആർ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | എ.സി. ആർ പ്രകാരം വരവ് ചെലവ് | റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7407699 | 6866442 | 541257 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4240314 | 4037307 | 203007 |

ഇപ്രകാരം തുകകൾ തമ്മിൽ വ്യത്യാസം കാണിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 73031254 | 111 | 33876259 | 3 | 51 | 67.21 |

## 1-6 ക്ഷേമ പദ്ധതികൾ

പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10584000 | 4193 |
| വിധവാ പെൻഷൻ | 13972000 | 1045 |
| വാർദ്ധക്യകാല പെൻഷൻ | 17881600 | 1816 |
| വികലാംഗ പെൻഷൻ | 4352400 | 266 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 540800 | 201 |
| വിവാഹധനസഹായം | 90000 | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2022 ന് 11.45 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,182/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വളയം ഗ്രാമപഞ്ചായത്തിലെ ലൈസെൻസുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ പഞ്ചായത്തിൽ പിഗ്ഗ് ആന്റ് ഡോഗ് ലൈസൻസ് രജിസ്റ്റർ, സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ലൈസൻസ് രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. നിരന്തരമായുള്ള ഓഡിറ്റ് പരാമർശങ്ങൾ ഗൌരവപൂർവ്വം സ്വീകരിച്ച് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 368 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2021 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 219 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

സഞ്ചയയിൽ ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2022ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1384 കെട്ടിടങ്ങളാണ്. ഇവയിൽ 110 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട് കൂടാതെ 33 കെട്ടിടങ്ങൾ ഡെമോളിഷ് ചെയ്തവയാണ്. 1241 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 368 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തോടൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്. ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുക എന്നത് കുറ്റകരമായ പ്രവർത്തിയാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരക്കേണ്ടതുമാണ്. സർക്കാരിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി വിവിധ നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട് ടി ഉത്തരവുകൾ പരിശോധിച്ച് ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കേണ്ടതാണ്.

## 1-9 തൊഴിൽ നികുതി അപാകതകൾ

പഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി

പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. റേഷൻ കടകളിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളിൽ നിന്നും കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്) ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്.

2. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി ന്യൂബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരം ശ്രീ. കണാരൻ (കുണ്ടൻ ചാലിൽ, വളയം-673517), ശ്രീ. വിപിൻ സി.കെ (ചാത്തോത്ത് കല്ലുംപുറത്ത്, താനിമുക്ക്, വളയം-673517) എന്നിവരുടെ ഉടമസ്ഥതയിലുള്ള രണ്ട് കെട്ടിടങ്ങളാണ് യഥാക്രമം 13/418 A To J വരെയുള്ളതും, 9/241 B1 To B6 വരെയുള്ളതും. പ്രസ്തുത കെട്ടിടങ്ങൾ ഉടമസ്ഥൻ വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വരുമാനത്തിനനുസൃതമായി കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു പോലെയുള്ള മറ്റ് കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി തൊഴിൽ നികുതിയുടെ ഡിമാന്റ് വർദ്ധിപ്പിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരുടെ/സ്ഥാപനത്തിന്റെ പേര് | ഏറ്റെടുത്ത പ്രൊജക്ടിന്റെ നമ്പർ |
|---|---|---|
| 1 | ശ്രീ. അലി അസർ | 33/22 |
| 2 | ശ്രീ. കെ.പി. രവീന്ദ്രൻ | 10/22 |
| 3 | ശ്രീ. സുധീർ. വി.കെ | 153/22, 45/22, 166/22 |
| 4 | ശ്രീ. സുധീഷ്. വി.കെ | 7/22, 47/22 |
| 5 | ശ്രീ. എം.കെ ബാലൻ | 24/22 |

| | | |
|---|---|---|
| 6 | ശ്രീ. ബാലൻ. എം.ടി | 186/22 |
| 7 | ശ്രീ. നിതിൻ. കെ.പി | 203/22 |
| 8 | ശ്രീ. ധനേഷ് കുമാർ | 202/22 |

കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-10 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

വസ്തുനികുതി പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 236 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 1/72B | ഹാരിസ് തയ്യുള്ളതിൽ,<br>തെങ്കടിക്കണ്ടിയിൽ,<br>വളയം-673517 | 298.57ച.മീ |
| 2/46A | നിസ്സാർ,<br>വരയാലിൽ,<br>വളയം-673517 | 267.66ച.മീ |
| 8/314A | ഇസ്മായിൽ,<br>മഠത്തിൽ, നിരവ്,<br>ഭൂമിവാതുക്കൽ-673517 | 253.91 ച.മീ |

വസ്തു നികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

1-11 സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല

വളയം ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ അംഗീകരിച്ച് കരാറുകാരനെ യഥാസമയം അറിയിക്കുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവ് (പി) നം.13/2012 പി.ഡബ്ള്യു.ഡി തിയ്യതി.01-02-2012 നമ്പർ 2012ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011.3 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഈ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. അടിയന്തിര ഘട്ടത്തിൽ ടെലഗ്രാം/SMS ആയും അറിയിപ്പ് നൽകാവുന്നതാണ് എങ്കിലും അതോടൊപ്പം തന്നെ പോസ്റ്റലായും അയക്കേണ്ടതാണ്.പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതില് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7ദിവസത്തിനകം സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ ഫയലിലില്ല. ആയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് ആയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി (9/2021-22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ സൂക്ഷിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. വളയം ഗ്രാമപഞ്ചായത്ത് 2021-22 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ മാത്രമാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 22-12-2021തിയ്യതിയിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ഏക മീറ്റിംഗ് ചേരുകയുണ്ടായത്.അതിനു ശേഷം നാളിതുവരേ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യേഗം ചേർന്നതായി മിനുട്സ് ബുക്കിലില്ല.2021-22ൽ ചേർന്ന മീറ്റിംഗിലൊന്നും തന്നെ 2021-22 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും

പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 10/2021-22 -ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-13 അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് ഫലപ്രദമല്ല.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാര വിതരണ പ്രൊജക്ടിന്റെ ഭാഗമായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം-ജനറൽ | 3000000 | 2879342 |

പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി)7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2021-22 സാമ്പത്തികവർഷം ഇതുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചകളൊന്നും തന്നെ നടന്നിട്ടില്ല. പ്രസ്തുത യോഗത്തിൽ മോണിറ്ററിംഗിനെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-14 പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/തസ്വഭവ തിയ്യതി.29.01.2018 ഖണ്ഡിക 7.13.12പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാൻ പറയുന്നുണ്ട്. വളയം ഗ്രാമ പഞ്ചായത്ത് 2018-19 മുതൽ നാളിതുവരെ നടപ്പിലാക്കിയ വാർഷിക പദ്ധതികളിൽ 5 വർഷ ഗ്യാരന്റിയോടു കൂടി ഏതെങ്കിലും റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 8/2021-22 ന് മറുപടിനൽകിയിട്ടില്ല. 5 വർഷ ഗ്യാരന്റിയോടു കൂടിയുള്ള റോഡുകൾ നിർമ്മിക്കാനുള്ള സാധ്യത സർക്കാർ തുറന്നു തന്നിട്ടും ഉപയോഗപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

1-15 പാലിയേറ്റീവ് പരിചരണം- മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രോജക്ട് നം-73/21-22

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-സി.എച്ച്.സി

അടങ്കൽ -700000/-(600000/-വികസനഫണ്ട് -ജനറൽ+100000-തനത് ഫണ്ട്)

ചെലവ്- 687614/-

പാലിയേറ്റീവ് പരിചരണം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 687614/- രൂപ ചെലവഴിച്ചിട്ടുണ്ട്.മേൽ പ്രോജക്ടിൽ മരുന്നുകൾ,മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കായി 78167/- രൂപ കെ.എം.എസ്സ്.സി എല്ലിന് കൈമാറിയിട്ടുണ്ട്(ബിൽ നം- 21170552011900313140 തിയ്യതി-16.08.2021 തുക-78167). 61468/- രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടുണ്ട്. 16699/- രൂപയുടെ മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ഇനിയും ലഭ്യമാകുന്നതിന് അവശേഷിക്കുന്നുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-18/21-22 തിയ്യതി-25.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാവാത്തതിന് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക 16699/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-16 സ്നേഹസ്പർശം തുക കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം-03/21-22

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ- 300000/-(വികസനഫണ്ട്-300000/-)

ചെലവ്-300000/-(BRN 21170552011800526936/13-10-2021)

ഡയാലിസിസ് രോഗികൾ, വൃക്ക/ലിവർ മാറ്റിവെച്ചവർ, മാനസിക രോഗികൾ, എയിഡ്സ് രോഗികൾ എന്നിവരെ ചികിത്സിക്കുന്ന കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ സ്നേഹസ്പർശം പദ്ധതി നടത്തിപ്പിലേക്ക് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2021-22 വർഷം തുക കൈമാറുന്നതിന് 5.07.2021 ലെ ജില്ലാപഞ്ചായത്തിൽ നിന്നും കത്ത് മുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 300000/- രൂപ ജില്ലാപഞ്ചായത്തിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 19/21-22 തിയ്യതി-25.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 300000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 പഞ്ചായത്ത് തിരഞ്ഞെടുപ്പ്-സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല

വളയം ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 29500/- രൂപ അവശേഷിക്കുന്നുണ്ട്.മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ- 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ -144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 16/21-22 തിയ്യതി-25.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

1-18 റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയുന്നതിന് തുക വിനിയോഗിച്ചത് സംബന്ധിച്ച്

നിർവ്വഹണം -സെക്രട്ടറി

പ്രൊജക്ട് – ഹരിതകർമ്മസേന പ്രവർത്തനങ്ങൾ 149/22

എസ്റ്റിമേറ്റ് തുക-284840/-(cfc)

ആകെ ചെലവുതുക-284840/-

വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും യൂസർഫീ കളക്ഷൻ കാർഡ് പ്രിന്റ് ചെയ്ത് ലഭ്യമാക്കുക,വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എം സി എഫിലേക്ക് എത്തിക്കുക,റിജക്ടഡ് മാലിന്യം കയറ്റി അയക്കുക എന്നീ കാര്യങ്ങൾക്കാണ് മേൽ പ്രൊജക്ട് വിഭാവനം ചെയ്തത്. ഇവയ്ക്കായി താഴെ കൊടുത്ത പ്രകാരമാണ് തുക വിനിയോഗിച്ചിരിക്കുന്നത്.

കളക്ഷൻ കാർഡ് പ്രിന്റ്- 4780/-

മാലിന്യങ്ങൾ എം സി എഫിലേക്ക് എത്തിക്കാൻ ചെലവ്-99360/-

റിജക്ടഡ് മാലിന്യം കയറ്റി അയക്കാൻ ചെലവ്-180700/-(brn-2117055201180140877/16.3.22-99700/-

21170552011801072845/7.2.22-81000/-)

റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് ഗ്രാമ പഞ്ചായത്തിന് 180700/- രൂപ വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. വി ജി എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്,പ്രതിമാസ ഫീസ് ഹരിത കർമ്മ സേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ,അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ,വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, ഹരിതകർമ്മസേനയ്ക്ക് യൂണിഫോം ഉൾപ്പടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കുക, MCF,MRF ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഒരുക്കി ആവശ്യമായ മെഷീനുകൾ സ്ഥാപിക്കുക എന്നീ കാര്യങ്ങൾക്ക് മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവ് വരേണ്ടത്.കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കും വിധം ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്താൻ സ്ഥാപനത്തിന് കഴിയാത്തതാണ് ഈ ഇനത്തിൽ ചെലവിന് കാരണമായതെന്ന് കാണാം. മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ, പരിമിതമായ ഫീസ് ഈടാക്കിയാണ് റിജക്ടഡ് വേസ്റ്റ് ഉൾപ്പടെയുള്ള മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്നതെന്ന് മേൽ ചെലവിൽ നിന്നും വ്യക്തമാകുന്നു.റിജക്ടഡ് മാലിന്യത്തിന് അത് ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും ചെലവാകുന്ന തുക കണക്കാക്കി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇത് ഹരിതകർമ്മസേനയുടേയും ഗ്രാമ പഞ്ചായത്തിന്റേയും ബാധ്യതയായി തുടരുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

1-19 കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി

നാറാക്കുന്ന കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ചതിന് റെയ്ഡ്കോയ്ക്ക് നൽകേണ്ടിയിരുന്ന 343,048/-രൂപയിൽ പാർട്ട് ബിൽ(സാങ്ഷൻ ഓർഡർ നമ്പർ.257/27-03-2022)ആയി 159,960/-രൂപ നൽകിയിട്ടുണ്ട്. മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ മോട്ടോർ, കൺട്രോൾ പാനൽ, പൈപ്പുകൾ എന്നിവയുടെ വില, ഫിറ്റിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ & ഇൻസ്റ്റലേഷൻ ചാർജ് എന്നീ ഇനങ്ങളിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുക വഴി ഗ്രാമപഞ്ചായത്തിന് വൻതോതിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| Raidco 3HP Pumpset | 40656 |
| 10SQ.MM Sub.Cable | 67525 |
| 3HP Control Panel | 20178 |

| | |
|---|---|
| Earthing Materials | 13688 |
| Installation Charges | 37878 |
| Other Items | 14819 |
| GST | 32876 |
| Supplying And Installing Of 2”ASTM Pipe Section And Its Accessories | 115,428 |
| Total | 343,048 |

പ്രധാന അപാകതകൾ

1) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുകയ്ക്ക് കരാർ വെച്ച് തുക നൽകുകയാണ് ചെയ്തത്.

2) മോട്ടോർ പൊതു വിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

3) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡകോ നിർമ്മിച്ചതല്ല. പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പൊതു വിപണിയിലെ നിരക്ക് പരിശോധിക്കാതെ, ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-11/21-22)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളിലെ ഇനങ്ങൾക്ക് മെക്കാനിക്കൽ എഞ്ചിനീയർ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ചെലവഴിക്കാവുന്ന തുക എത്രയെന്ന് നിർണയിക്കേണ്ടതും അധികം നൽകിയ തുക റെയ്ഡ്കോയിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 159,960/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും അവിടെ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ചു ലഭിക്കുന്ന അളവു പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും, ഓരോ പ്രവൃത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവു പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവുവരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവു പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അളവു പുസ്തക സ്റ്റോക്ക് രജിസ്റ്റർ എഴുതിത്തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പുതുക്കിയ കേരള സ്റ്റേറ്റ് പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമക്കേണ്ടതുണ്ട്. കരാർ വെച്ചില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി മാന്വൽ - സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി തുകയുടെ 1%, കുറഞ്ഞത് 1000

രൂ, പരമാവധി 25000 രൂ) ഈടാക്കേണ്ടതുണ്ട്. പിഴയോട് കൂടിയ 10 ദിവസത്തിനു ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കണമെന്നും മാന്വൽ അനുശാസിക്കുന്നു. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ് .താഴെപ്പറയുന്നവയിൽ കരാർ ഒപ്പിടുന്നവയിൽ കാലതാമസം ഉണ്ടെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പ്രോജക്ട് നമ്പർ , പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയ്യതി | കൈപ്പറ്റ് തിയ്യതി | കരാർ ഒപ്പിട്ട തിയ്യതി | പി.എ.സി തുക (രൂ) | കരാറുകാരൻ | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| കല്ലുനിര സബ്സെന്റർ പൂർത്തീകരണം(151/22) | 05-01-2022 | 12-01-2022 | 7-02-22 | 357,558 | സുനിത്.കെ | 3576 |
| പയ്യേരിക്കാവു ഒയ്യാല റോഡ് | 08-09-2020 | 08-09-2020 | 16-10-2020 | 495,000 | ബാലൻ.എം.ടി | 4950 |
| | | | | | | 8526 |

കരാർ ഒപ്പിടുന്നവയിൽ കാലതാമസം വന്നിട്ടും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 14/2021-22ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 8526/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ച് നൽകാമെന്ന് പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് 2%വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | സാങ്ഷൻ ഓർഡർ നമ്പർ,തുക |
|---|---|---|---|---|
| 1 | പയ്യേരിക്കാവു ഒയ്യാല റോഡ് (133/22) | 495,000 | ബാലൻ.എം.ടി | 133/24-12-2021,<br>450,000/-<br>033676/09-11-2021,<br>39605/-<br>= 563,942 |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| കരാർ തുക കരാർ തിയ്യതി | പൂർത്തീകരിക്കേണ്ട കാലയളവ്, തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 495,000/- (16-10-2021) | 180ദിവസം (13-04-2021) | 31-05-2021 (48 ദിവസം) | 45ദിവസം, 4950/- | 3ദിവസം, (990 X 3/45) 660/- | 5610/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 13/2021-22ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 5610/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-23 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.SSK വിഹിതം അടവാക്കൽ -പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം-ഹെഡ്മാസ്റ്റർ

അടങ്കൽ-450000/-(വികസനഫണ്ട് ജനറൽ)

ചെലവ്- 450000 (ബിൽ റഫറൻസ് നം- 2117055201200048893 8/06-10-2021)

മേൽ പ്രോജക്ട് വഴി 450000/- രൂപ കല്ലാച്ചി സബ്ട്രഷറി വഴി SSK യുടെ കനറ ബാങ്ക് എക്കൗണ്ടിലേക്ക് (എക്കൗണ്ട് നം-2772101008705) തുക ട്രാൻസ്ഫർ ചെയ്തു. എന്നാൽ തുക വിനിയോഗിച്ചത് സംബന്ധിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 450000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2.വിദ്യാഭ്യാസമേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല .

ഓഡിറ്റ് വർഷം ഹെഡ്മാസ്റ്റർ SSK വിഹിതം നല്കൽ എന്ന പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വളയം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപെട്ട നിരവധി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്നിരിക്കെ മേൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ പ്രോജക്ടുകളൊന്നും തന്നെ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടില്ല. വിദ്യാഭ്യാസമേഖലയിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് 12.02.2021 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നിർദ്ദേശങ്ങൾ വന്നുവെങ്കിലും SSK-വിഹിതം കൈമാറൽ എന്ന പ്രോജക്ട് മാത്രമാണ്

നിർവ്വഹണം നടത്തിയിട്ടുള്ളത്. കൂടാതെ ഹെഡ്മാസ്റ്റർ നടപ്പിലാക്കേണ്ടതായ തുടർ വിദ്യാഭ്യാസ പദ്ധതി(പ്രോജക്ട് നം-54/21-22.അടങ്കൽ-52200/- ചെലവ്-52200) എന്ന പ്രോജക്ട് ഓഡിറ്റ് വർഷം സെക്രട്ടറി നടപ്പിലാക്കുകയാണുണ്ടായത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ മേൽ വിഭാഗങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിലുള്ള വിദ്യാഭ്യാസ പ്രൊജക്ടുകൾ നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- മോണിറ്ററിംഗ് നടത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 112/21-22(SO),67/21-22<br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| വകയിരുത്തിയ തുക<br>ആകെ | (1)112/21-22(SO)<br>1) 3,12,500/- (വികസന ഫണ്ട്. പൊതുവിഭാഗം)<br>2) 3,12,500/- (ഗുണഭോക്തൃ വിഹിതം)<br><br>625,000/-<br>(2)67/21-22<br>1) 3,12,500/- (വികസന ഫണ്ട്. പൊതുവിഭാഗം)<br>2) 3,12,500/- ( സംസ്ഥാനാവിഷ്കൃതഫണ്ട് )<br><br>3)625,000/-((ഗുണഭോക്തൃ വിഹിതം)<br>ആകെ-1250000/- |
| ചെലവ് തുക | 1)പ്രോജക്ട് നം-112/21-22(SO)<br>31,2,500/- (വികസന ഫണ്ട്. പൊതുവിഭാഗം)<br>ബിൽ നം/തിയ്യതി-2117055201500094024<br>/31-05-2021<br>(2)പ്രോജക്ട് നം-67/21-22<br>31,2,500/- (വികസന ഫണ്ട്. പൊതുവിഭാഗം)<br>ബിൽ നം/തിയ്യതി-2117055201500059233‌7/28-10-21 |
| നിർവ്വഹണ<br>ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പട്ടികയിൽ സൂചിപ്പിച്ച 2 പ്രോജക്ടുകളിൽ ആകെ 625000 രൂപ വികസനഫണ്ട് പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ഈ തുക പഞ്ചായത്തിലെ ഏതൊക്കെ കർഷകർക്ക് നൽകി, ഓരോ കർഷകരും കൈപ്പറ്റിയ കാലിത്തീറ്റയുടെ അളവ്, ഓഡിറ്റ് സമയം വരെ ചെലവഴിച്ച തുക (വിവിധ ഫണ്ടുകളും, ഗുണഭോക്തൃ വിഹിതവും തിരിച്ച്) എന്നിവ സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭിച്ചില്ല. തുക കൈമാറിയ ശേഷം ഈ വിഷയത്തിൽ

യാതൊരു മോണിറ്ററിംഗും നടന്നിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രോജക്ട് ലക്ഷ്യം വെക്കുന്നത് പഞ്ചായത്ത് പരിധിയിലെ 4-6 മാസം പ്രായമുള്ള 75 ( 50+25) സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യേക തീറ്റ നൽകി ഉൽപ്പാദനശേഷി കൂടിയതും ആരോഗ്യമുള്ളതുമായ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ്. പദ്ധതി മോണിറ്ററിംഗ് ചെയ്യേണ്ട സമിതിയുടെ ചുമതല കന്നുകുട്ടികളെ തെരഞ്ഞെടുപ്പും തീറ്റ വിതരണവും, പദ്ധതി നടത്തിപ്പ് എന്നിവയാണെങ്കിലും മോണിറ്ററിംഗ് സമിതി ഈ ചുമതലകളൊന്നും തന്നെ നിർവ്വഹിച്ചതായി കാണുന്നില്ല. കൂടാതെ മുൻ വർഷങ്ങളിലുൾപ്പെടെ നിർവ്വഹണം നടത്തപ്പെട്ട ഈ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കാനുള്ള ചുമതലയും മോണിറ്ററിംഗ് സമിതിക്ക് നൽകിയതായി കാണുന്നില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25 ആയുർവേദ ഡിസ്പെൻസറിക്ക് ISO സർട്ടിഫിക്കേഷൻ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ, ഫണ്ടിനം | ചെലവ്/ബിൽ നം/തീയതി |
|---|---|---|---|---|
| 172/22 (സ്പിൽ ഓവർ) | ആയുർവേദ ഡിസ്പെൻസറിക്ക് ISO സർട്ടിഫിക്കേഷൻ | ഹോമിയോ മെഡിക്കൽ ഓഫീസർ | 200000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 29500/- രൂപ BRN- 21170552012300955771 Dtd. 15.01.2022 |
| | | | | 39797/- രൂപ BRN- 21170552012300955767 Dtd. 15.01.2022 |
| ആകെ | | | | 69297/- രൂപ |

വളയം ഗ്രാമപഞ്ചായത്തിൽ ഒട്ടേറെ പേർ ആശ്രയിക്കുന്ന ആയുർവേദ ഡിസ്പെൻസറിയിലെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഫർണിച്ചറുകളും, ഉപകരണങ്ങളും വാങ്ങുന്നതിനും, ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കുന്നതിലൂടെ സേവന നിലവാരവും ഗുണമേന്മയും ഐ.എസ്.ഒ നിലവാരത്തിലെത്തിക്കുക എന്ന് ലക്ഷ്യമിടുന്നതാണ് പദ്ധതി. വിവിധ ബോർഡുകൾ സ്ഥാപിക്കുന്നതിന് 20000 രൂപയും, കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 80000 രൂപയും, ഫർണിച്ചർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സ്റ്റേഷനറി വാങ്ങുന്നതിന് 50000 രൂപയും, ഐ.എസ്.ഒ കൺസൾട്ടേഷൻ ഫീ ആയി 50000രൂപയും ഉൾപ്പെടെ ആകെ 200000 രൂപ പദ്ധതിക്കായി അടങ്കൽ ചെയ്തിട്ടുണ്ട്.

ആയുർവേദ മെഡിക്കൽ ഓഫീസർക്ക് വേണ്ടി ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ട് വഴി ഡെസ്ക്ടോപ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് കെൽട്രോണിന് സപ്ലൈ ഓർഡർ നൽകുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.എസ്.ഒ പദവി കൈവരിക്കുന്നതിന് നിശ്ചിത ഫീസ് നൽകി കൺസൾട്ടേഷൻ ഏജൻസിയെ ഏർപ്പെടുത്തിയിട്ടുമുണ്ട്.

പ്രോജക്ടിൽ താഴെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|
| കെൽട്രോണിൽ നിന്ന് ഡെസ്ക്ടോപ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് | 39797/- രൂപ<br>BRN-21170552012300955767<br>Dtd. 15.01.2022 |
| കൺസൾട്ടൻസി ഫീസ് | 29500/- രൂപ<br>BRN-21170552012300955771<br>Dtd. 15.01.2022 |
| ആകെ | 69297/- രൂപ |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 04.11.2020ലെ 1/188/2020(2) നമ്പർ ഭരണസമിതി തീരുമാന പ്രകാരം കൊച്ചിയിലുള്ള AQA Quality Management Systems Pvt Ltd (തോപ്പുംപടി, കൊച്ചി-682005) എന്ന സ്ഥാപനത്തിന്റെ ക്വൊട്ടേഷൻ അംഗീകരിച്ച് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടത്തേണ്ട ഏജൻസിയായി നിയമിച്ചിട്ടുണ്ട്. തുടർന്ന് 10.06.2019ന് ഏജൻസിയും മെഡിക്കൽ ഓഫീസറും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം 2021 ജനുവരി മാസം 25ാം തീയതി മുതൽ 60ദിവസത്തിനകം ഐ.എസ്.ഒ 9001 : 2015 സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ പ്രസ്തുത ഏജൻസി ഏറ്റെടുത്ത് നടത്തേണ്ടതും,സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനാവശ്യമായ രീതിയിൽ ഡിസ്പെൻസറിയേയും ജീവനക്കാരെയും പ്രാപ്തരാക്കേണ്ടതും ആയതിനാവശ്യമായ അപേക്ഷ ബന്ധപ്പെട്ട ഏജൻസിക്ക് സമർപ്പിക്കാൻ സഹായിക്കേണ്ടതും മേൽ ഏജൻസിയുടെ ചുമതലയാണ്. എന്നാൽ തുക ചെലവഴിച്ച് ഒരു വർഷമായിട്ടും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കി പ്രോജക്ടിന്റെ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

2. കെൽട്രോണിന് സപ്ലൈ ഓർഡർ നൽകി ഇത്രയും നാളായിട്ടും ഡെസ്ക്ടോപ്പ് മാത്രമാണ് ലഭ്യമായിട്ടുള്ളത് അനുബന്ധ ഉപകരണങ്ങളായ പ്രിന്ററും യു.പി.എസും നാളിതു വരെ ലഭ്യമായിട്ടില്ല. എത്രയും വേഗം ആയവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതു വരെ ചെലവ് തുക 69297/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-26 തനത് ഫണ്ട് വിഭവ സമാഹരണം ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനത്തിൽ വർദ്ധനവ്

പ്രധാന തനതുവരുമാന സ്രോതസ്സുകളായ കെട്ടിട നികുതി, തൊഴിൽ നികുതി, ഡി &ഒ ലൈസൻസ് ഇനങ്ങളിൽ വരുമാനം നൂറുശതമാനം ഡിമാന്റ് ചെയ്യപ്പെടുന്നില്ലെന്നും ഇത് പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും 2017-18, 2020-21വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുകയും ഇത് സാധ്യമാക്കാൻ നിയമപരമായ ക്രിയാത്മക നടപടികൾ ഈ റിപ്പോർട്ടുകളിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ പരാമർശങ്ങളുടെ അടിസ്ഥാനത്താനത്തിൽ സ്ഥാപനം എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും അവയുടെ പുരോഗതി എന്തെന്നും നിലവിൽ വരുമാന വർദ്ധനവ് എത്രത്തോളമെന്നും വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അതിന്റെ ഫലപ്രാപ്തിയും വ്യക്തമാക്കിയിട്ടുണ്ട്. 06/04/2022ാം തീയ്യതി ചേർന്ന ഭരണസമിതി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികകൾ ചർച്ച ചെയ്യുകയും പുതുക്കി പണിതതും കൂട്ടിചേർത്തതുമായ കെട്ടിടങ്ങളുടെ വിശദമായ പരിശോധനയും വിവരശേഖരണവും നടത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ 89/2022(2) നമ്പറായി തീരുമാനിക്കുകയും ചെയ്തതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ചുമതലയുള്ള ക്ലാർക്കുമാരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളുടേയും പഞ്ചായത്ത് രേഖപ്രകാരമുള്ള വിവരങ്ങളും ഫീൽഡ് പരിശോധനയിൽ കണ്ടെത്തുന്ന യഥാർത്ഥ അവസ്ഥയും പരിശോധിച്ച് ഘടനാപരമായി വലിയ തോതിലുള്ള മാറ്റം വരുത്താത്ത കൂട്ടി ചേർക്കലുകളുടെ ഫലമായുള്ള പുതിയ തറ വിസ്തീർണ്ണം പരിഗണിച്ച് നികുതി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിതായും പൊളിച്ച് മാറ്റിയ വീടുകളും കെട്ടിടങ്ങളും പഞ്ചായത്ത് രേഖയിൽ നിന്നും നീക്കം ചെയ്തതായും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പുതുതായി നിർമ്മിച്ചതും ഘടനാപരമായി മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ നിയമാനുസൃത ക്രമവൽക്കരണം നടത്തുന്നതിന് ഉടമകൾക്ക് നോട്ടീസ് നൽകിയതായും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നടപടികളുടെ ഫലമായി 2021-22 വർഷത്തിൽ കെട്ടിട നികുതിയുടെ ആകെ ഡിമാന്റ് 24,86,563 രൂപയായിരുന്നത് 2022-23 വർഷം ഡിസംബർ 31 വരെയുള്ള കണക്ക് പ്രകാരം 30,17,272 രൂപയായി (22%) വർദ്ധിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. നികുതി പുനർനിർണയ പ്രക്രിയ പൂർത്തിയാകുന്നതോടെ ഡിമാന്റിൽ ഇനിയും വർദ്ധനവ് പ്രതീക്ഷിക്കുന്നതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയിലും വരുമാന വർദ്ധനവ് കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ട്രേഡേഴ്സ് ലിസ്റ്റ് സമ്പൂർണ്ണമാക്കുന്നതിനുള്ള വാർഡ് തല പരിശോധന നടത്തി മുഴുവൻ വ്യാപാര സ്ഥാപനങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ലൈസൻസ് എടുക്കാത്തവർക്ക് നോട്ടീസ് നൽകുകയും ലൈസൻസ് എടുപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ വാർഷിക കണക്കും 31.12.22 തീയതിയിലെ സഞ്ചയ റിപ്പോർട്ടും പരിശോധിച്ചതിൽ കെട്ടിടനികുതിയുമായി ബന്ധപ്പെട്ട് മറുപടിയിൽ വ്യക്തമാക്കിയ വരുമാന വർദ്ധനവ് സ്ഥാപനത്തിലുണ്ടായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തൊഴിൽ നികുതി, ലൈസൻസ് ഇനങ്ങളിൽ നൂറുശതമാനം ഡിമാന്റ് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണെന്നും ബോധ്യമായിട്ടുണ്ട്. തനത് വരുമാന വർദ്ധനവിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും ഓഡിറ്റ് നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പരമാവധി കാര്യക്ഷമതയോടെ നടപ്പിലാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഭരണസമിതിയും ജീവനക്കാരും ഒരുപോലെ ഈ പ്രവർത്തനങ്ങളുടെ ഭാഗമായെന്നതും ശ്ലാഘനീയമാണ്.

## 1-27 തനത് ഫണ്ട് ചെലവുകൾ-പോരായ്മകൾ

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും(ശമ്പളം, കറന്റ് ചാർജ്ജ് പോലുള്ള പ്രതിമാസ ചെലവുകൾ ഒഴികെയുള്ള) നടപടിക്രമങ്ങൾ ആരംഭിക്കുന്നത് തന്നെ ചെലവിനുള്ള ക്ലെയിം (ബിൽ,പേമന്റ് റിക്വസ്ററ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ഇതുകൊണ്ട് തന്നെ പേമന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ / സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽ നോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഒരു

അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

കൂടാതെ അക്കൌണ്ട് ചട്ടങ്ങൾ നിഷ്കർഷിക്കും വിധം വൌച്ചറുകളുടെ ലിസ്റ്റ് ILGMS ൽ ലഭ്യമല്ലാത്തത് മറ്റൊരു വീഴ്ചയാണ്. ഇതുകൊണ്ട് തന്നെ എല്ലാ വൌച്ചറുകളും ക്രമപ്രകാരം ലഭ്യമാണോയെന്ന് വ്യക്തമല്ല. ചട്ടംപാലിക്കാത്തതിനും വിശദീകരണം നല്കേണ്ടതാണ്.

ജീവനക്കാർക്ക് ഓഡിറ്റ് വർഷം താഴെ കൊടുത്തവിധം യാത്രാബത്ത നല്കിയത് അവരിൽ നിന്നും യാത്രാഡയറി വാങ്ങതെയാണെന്ന് കാണുന്നു. ക്ലെയിം ഇല്ലാതെ തുക വിനിയോഗിച്ചത് വിശദീകരിക്കേണ്ടപ്പെടേണ്ടതാണ്.

| ജീവനക്കാർ | വൌച്ചർ നം | തുക |
|---|---|---|
| സെക്രട്ടറി | 22100613/26.3.22 | 3060 |
| മറ്റ് സ്ഥിരം ജീവനക്കാർ | 22100612/26.3.22 | 51671/- |

ILGMS സോഫ്റ്റ് വെയറിൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമാകുന്ന വൌച്ചറുകളും അനുബന്ധരേഖകളും ഓഡിറ്റിന് സഹായകമായ തരത്തിലല്ല ലഭ്യമാകുന്നത്. വളരെ ചെറിയ ഇന്റർഫേസിൽ മാത്രം കാണുന്ന ഇവ സ്ക്രോൾ ചെയ്ത് പരിശോധിക്കുക എന്നത് ശ്രമകരമാണ്. ഓഡിറ്റിനായി കേവലം ഒരു സൌകര്യം ഒരുക്കുക മാത്രമാണ് ഇത് വഴി ചെയ്തിരിക്കുന്നത്. ഇതിന്റെ ലക്ഷ്യം കൈവരിക്കാൻ നിലവിൽ സാധ്യമല്ല. രേഖകൾ കമ്പ്യൂട്ടർ സ്ക്രീൻ മുഴുവൻ കാണുന്ന തരത്തിൽ വ്യൂ ഓപ്ഷൻ ലഭ്യമായാൽ മാത്രമാണ് സൌകര്യം ഉപയോഗപ്പെടുകയുള്ളൂ.
ഇക്കാര്യങ്ങൾ വിശദീകരണം സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 23.01.2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 138000 | പ്രോജക്ട് നം-46/21-22.ലൈഫ് എസ്സ്.സി | 138000 | 0 |
| | 2021-22 | 170000 | പ്രോജക്ട് നം-85/21-22.ലൈഫ് എസ്സ്.ടി | 170000 | 0 |
| | 2021-22 | 200000 | പ്രോജക്ട് നം-32/21-22.ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | 2021-22 | 100000 | പ്രോജക്ട് നം-93/21-22. ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| ആകെ | | | | 608000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 210000 | പ്രോജക്ട് നം-60/21-22. മുട്ടഗ്രാമം പദ്ധതി(വനിത) | 210000 | 0 |
| | 2021-22 | 237700 | പ്രോജക്ട് നം-32/21-22. ഭിന്നശേഷി സ്കോളർഷിപ്പ് | 237700 | 0 |
| | 2021-22 | 245000 | പ്രോജക്ട് നം-84/21-22. ലൈഫ് എസ്സ്.സി | 245000 | 0 |
| | 2021-22 | 100000 | പ്രോജക്ട് നം-85/21-22. ലൈഫ് എസ്സ്.ടി | 100000 | 0 |
| | 2021-22 | 26808 | പ്രോജക്ട് നം-/21-22(എസ്.ഒ) മഞ്ചാന്തറ വയോജന | 26808 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാർക്ക് നിർമ്മാണം-പണി പൂർത്തീകരിക്കൽ | | |
| ആകെ | | | | 819508 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.68/2018, തീയ്യതി-18.05.2018 | -- | 17473857 | 1774667 | | 15699190 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | നാദാപുരം സഹകരണ ഹോസ്പിറ്റൽ | 25000 |
| ആകെ | | 25000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 17 | 2003-04 | 11.13.1.1.107 | നോട്ടുബുക്ക് നിർമ്മാണ പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | 9 | 2003-04 | 11.13.5.112 | മൈത്രി ഭവന പദ്ധതി പുരോഗതി റിപ്പോർട്ട് |
| 1999-00 | | 2003-04 | 11.14.117 | തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി. നിക്ഷേപം പ്രവൃത്തി പൂർത്തീകരിക്കാത്തത് |
| 2001-02 | 8 | 2004-05 | 11.1.5.7.119 | നേന്ത്രവാഴ സംഘകൃഷി |
| 2001-02 | 12 | 2004-05 | 2.1 | തുടർ പ്രവർത്തനമില്ല |
| വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ | | 2011-12 | 11.1.5.7.119 | പമ്പ് ഹൌസ് നിർമ്മാണം സ്തംഭനത്തിൽ |
| | | 2011-12 | 3.1.19.10.11 | ഇട വിള കൃഷി തുക ചെലവഴിച്ചില്ല. |
| | | 2011-12 | 3.1.12.65 | തുക വകയിരുത്തിയിട്ടും പ്രവൃത്തി നടന്നില്ല. |
| | | 2011-12 | 3.1.12.67 | സമഗ്ര ഇ-കൃഷി |

| | | | | |
|---|---|---|---|---|
| | | | | ലക്ഷ്യം നേടിയില്ല. |
| | | 2013-14 (അവലോകനം) | 6.3.1.187 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി |
| | | 2013-14 (അവലോകലം) | 6.3.1.187 | പ്രോക്യൂർമെന്റ് സൈക്കിൾ |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4/88 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5/212 | തൊഴിൽ നികുതി അപാകതകൾ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49912898 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49817099 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 995956 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 16699 | ഡോ.ശശിധരൻ മെഡിക്കൽ ഓഫീസർ സി.എച്ച്.സി വളയം |

| | | |
|---|---|---|
| | | |
| 1-16 | 300000 | ശ്രീ.വിനോദ് കൃഷ്ണൻ കെ സെക്രട്ടറി |
| 1-19 | 159960 | ശ്രീമതി.സിന്ധു അസി.എഞ്ചിനീയർ |
| 1-23 | 450000 | ശ്രീ.രവി എം ഹെഡ്മാസ്റ്റർ |
| 1-25 | 69297 | ഡോ.റീ പി.എം മെഡിക്കൽ ഓഫീസർ ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശശിധരൻ മെഡിക്കൽ ഓഫീസർ സി.എച്ച്.സി വളയം | മെഡിക്കൽ ഓഫീസർ സി.എച്ച്.സി വളയം | പടിഞ്ഞാറെ കുഞ്ഞിപ്പിലാക്കണ്ടി(വീട്), പാതിരിപ്പറ്റ- 673507 |
| ശ്രീ.വിനോദ് കൃഷ്ണൻ കെ സെക്രട്ടറി | കെ സെക്രട്ടറി,വളയം ഗ്രാമപഞ്ചായത്ത് | |
| ശ്രീമതി.സിന്ധു അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,പഴന്നൂർ ബ്ലോക്ക് പഞ്ചായത്ത് | പാണ്ടിക്കാവ്,ചേരൂർ പി.ഒ,തൃശ്ശൂർ |
| ശ്രീ.രവി എം ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ,ഗവ.യു.പി സ്കൂൾ കല്ലാച്ചി | മാണിക്കോത്ത്(വീട്),മൊകേരി പി.ഒ 673507 |
| ഡോ.റീം.പി.എം മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി മലാപ്പറമ്പ് | സിൽവർ ഹട്ട് 33/964, മേരിക്കുന്ന് പി.ഒ 673012 |

ഖണ്ഡികയിലെ തടസ്സത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽവിലാസം ലഭ്യമാക്കേണ്ടതാണ്.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി4/1888 /2021(1)തി. 24.02.2022 | 2 | 2-9,3-17 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി4/1223/2022 തി. 21.10.2022 | 1 | 3-7 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി4/1223 /2022(1)തി. 21.10.2022 | 1 | 2-7 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4/1888 /2021(10)തി. 26.02.2022 | 2 | 2-1(CAR),3-5, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/1888 /2021(11)തി. 26.02.2022 | 2 | 2-2,3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/2496/2018 തി. 30.04.2019 | 5 | 1-12,<br>2-4, 2-6,<br>3-3,3-4 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി4/1794 /2021(1)തി. 20.09.2022 | 22 | 1-1-1,1-1-1(ബി),1-1-2,1-1-4, 1-2-1(2,3),1-4-1,1-5, 1-9,1-10,1-11,1-13, 1-14,2-1,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി4/1795/2021 തി. 20.09.2022 | 23 | 1-1-1 മുതൽ 1-1-3 വരെ,1-2-1(1,2),1-2-1(5 മുതൽ 12 വരെ ) 1-4-1,1-5,1-6, 17, 1-8, 1-11,1-12,1-15, 1-16, 1-19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്